# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2000** **29-07-2021 - ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിലെ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ചതും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ കേന്ദ്ര സർക്കാർ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നതും സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; | (എ) | സഹകരണ മന്ത്രാലയം രൂപീകരിച്ചത് ഗവർമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ മന്ത്രാലയത്തിന്റെ പ്രവർത്തനം വിലയിരുത്തി മാത്രമേ ഇക്കാര്യത്തിൽ ഒരു നയം രൂപീകരിക്കാനാകൂ. ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ 2020 ൽ വരുത്തിയ ഭേദഗതികൾ പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. തന്മൂലം പ്രാഥമിക ബാങ്കുകൾക്ക് ബാങ്ക്, ബാങ്കിംഗ് എന്ന പേരുകൾ ഉപയോഗിക്കാനാകില്ല. ആയത് പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നു. BR ആക്ടിലെ സെക്ഷൻ 10,12,36AA എന്നിവയിൽ വരുത്തിയ ഭേദഗതികൾ സഹകരണ സ്ഥാപനങ്ങളുടെ മേൽ ആർ. ബി. ഐയുടെ അധികാരം സ്ഥാപിക്കുന്നതാണ്. സെക്ഷൻ 45(4) പ്രകാരം ഭരണ സമിതിയെ നിയന്ത്രിക്കുന്നതിനും ആർ ബി ഐ ക്ക് അധികാരം നൽകുന്നുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഈ നടപടികൾ കേരള ബാങ്കിന്റെ പ്രവർത്തനത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ; | (ബി) | സഹകരണ മന്ത്രാലയം രൂപീകരിച്ചത് ഗവർമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ മന്ത്രാലയത്തിന്റെ പ്രവർത്തനം വിലയിരുത്തി മാത്രമേ ഇക്കാര്യത്തിൽ ഒരു നയം രൂപീകരിക്കാനാകൂ. ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ 2020 ൽ വരുത്തിയ ഭേദഗതികൾ പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. തന്മൂലം പ്രാഥമിക ബാങ്കുകൾക്ക് ബാങ്ക്, ബാങ്കിംഗ് എന്ന പേരുകൾ ഉപയോഗിക്കാനാകില്ല. ആയത് പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നു. BR ആക്ടിലെ സെക്ഷൻ 10,12,36AA എന്നിവയിൽ വരുത്തിയ ഭേദഗതികൾ സഹകരണ സ്ഥാപനങ്ങളുടെ മേൽ ആർ. ബി. ഐയുടെ അധികാരം സ്ഥാപിക്കുന്നതാണ്. സെക്ഷൻ 45(4) പ്രകാരം ഭരണ സമിതിയെ |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിനും ആർ ബി ഐ ക്ക് അധികാരം നൽകുന്നുണ്ട്. |
| (സി) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണോ എന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം 2002 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള അധികാരം സെൻട്രൽ രജിസ്ട്രാർ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചറിൽ നിക്ഷിപ്തമാണ്; |
| (ഡി) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലൂടെ കേന്ദ്ര സർക്കാർ കേരളത്തിലെ സഹകരണ ബാങ്കുകളെയും സൊസൈറ്റികളെയും നിയന്ത്രിക്കാൻ സാധ്യതയുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് സോസൈറ്റികളിലൂടെ കേന്ദ്ര സർക്കാർ കേരളത്തിലെ ബാങ്കുകളയും, സോസൈ റ്റികളയും നിയന്ത്രിക്കുവാൻ സാധ്യതയുള്ളതായി നിലവിൽ ശ്രദ്ധയിൽപ്പെട്ടില്ല.. |
| (ഇ) | ഇത് തടയാൻ നിയമ നിർമാണം നടത്താൻ ആലോചിക്കുന്നുണ്ടോ? | (ഇ) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് സോസൈറ്റികളിലൂടെ കേന്ദ്ര സർക്കാർ കേരളത്തിലെ ബാങ്കുകളയും, സോസൈ റ്റികളയും നിയന്ത്രിക്കുവാൻ സാധ്യതയുള്ളതായി നിലവിൽ ശ്രദ്ധയിൽപ്പെട്ടില്ല.. |

സെക്ഷൻ ഓഫീസർ